നാട്ടാനപരിപാലനം

25 (*595) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആനക്ഷേമബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാട്ടാനകൾ ദുരൂഹ സാഹചര്യത്തിൽ ചരിഞ്ഞിട്ടുണ്ടെന്ന് വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ആനക്ഷേമ ബോർഡിനെതിരായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) നാട്ടാനകളുടെ പരിപാലനത്തിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഇല്ല.

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാട്ടാനകൾ ദുരൂഹ സാഹചര്യത്തിൽ ചരിഞ്ഞിട്ടുള്ളതായി വനം വകുപ്പിൽ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) കേരളത്തിലെ നാട്ടാനകളുടെ മെച്ചപ്പെട്ട പരിപാലനവും സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി 'കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ, 2012' കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് 1972 പ്രകാരവും നാട്ടാനകളുടെ പരിപാലനത്തിനും സംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly